# 2008-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

(നിയമസഭ പാസ്സാക്കിയ പ്രകാരമുള്ളത്)

1994-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1994-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ആക്റ്റ് (1994-ലെ 16) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അൻപത്തിയൊൻപതാം സംവൽസരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2008-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2008 ജനുവരി 3-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 7-ാം വകുപ്പിനുള്ള ഭേദഗതി.—1994-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ (1994-ലെ 16) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 7-ാം വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിനുപകരം, താഴെ പറയുന്ന ഉപവകുപ്പും ക്ലിപ്ത നിബന്ധനയും ചേർക്കേണ്ടതാണ്, അതായത് :—

"(1) ഓരോ തയ്യൽ തൊഴിലാളിയും സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഓരോ ആളും പ്രതിമാസം ഇരുപത് രൂപ വീതവും, ഓരോ തൊഴിലുടമയും അയാൾ നിയോഗിച്ചിട്ടുള്ള തയ്യൽ തൊഴിലാളികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ തൊഴിലാളി ഒന്നിന് പ്രതിമാസം അഞ്ചു രൂപ ക്രമത്തിലും അംശദായം നൽകേണ്ടതാണ് :

എന്നാൽ, നൂറിനുമുകളിൽ തൊഴിലാളികൾ പണിയെടുക്കുന്ന സ്ഥാപനങ്ങളിൽ, നൂറിനുമേൽ വരുന്ന തൊഴിലാളി ഒന്നിന്, തൊഴിലുടമ പ്രതിമാസം മൂന്നു രൂപ വീതം നിധിയിലേക്ക് അടച്ചാൽ മതിയാകുന്നതാണ്.";

(ബി) (2)-ാം ഉപവകുപ്പിൽ "പതിനഞ്ചു രൂപയായി" എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ് ;

(സി) (4)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത് :—

"എന്നാൽ പ്രതിമാസ അംശദായ തുക പത്തു രൂപയിൽ അധികമായി വർദ്ധിക്കുമ്പോൾ, അപ്രകാരമുള്ള വർദ്ധനവിന് ആനുപാതികമായി നിധിയിലേക്ക് ഗ്രാന്റ് നൽകുന്നതിന് സർക്കാരിന് ബാദ്ധ്യത ഉണ്ടായിരിക്കുന്നതല്ല.".

3. റദ്ദാക്കലും ഒഴിവാക്കലും.—(1) 2008-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് (2008-ലെ 23) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.